പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4931 26.06.2019-ലെ മറുപടിക്ക്

**ചെങ്ങന്നൂർ ഡിപ്പോയിലെ സ്റ്റേ സർവ്വീസുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സജി ചെറിയാൻ | ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സ്റ്റേ സർവ്വീസ് ബസ്സുകൾ നിർത്തിവെച്ചിട്ടുള്ളതു മൂലം യാത്രക്കാർക്കുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചെങ്ങന്നൂർ ഡിപ്പോയിൽ നിന്നുള്ള ചില സ്റ്റേ സർവ്വീസുകൾ നിർത്തിവെച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ചെങ്ങന്നൂർ ട്രാൻസ്പോർട്ട് ഡിപ്പോയിൽ എത്ര സ്റ്റേ ബസ്സുകളാണ് നിർത്തലാക്കിയിരിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | ഡ്രൈവർ വിഭാഗം ജീവനക്കാരുടെ കടുത്ത ക്ഷാമം അനുഭവപ്പെട്ടുവരുന്നതിനാൽ കൂടുതൽ യാത്രക്കാരെ ലഭിക്കുന്നതും, ശരാശരി വരുമാനം ലഭിക്കുന്നതുമായ സർവ്വീസുകൾ നടത്തുന്നതിനാണ് മുന്തിയ മുൻഗണന നൽകിവരുന്നത്. ചെങ്ങന്നൂർ ഡിപ്പോയിൽ നിന്നും പ്രവർത്തന ചെലവ് പോലും ലഭ്യമാകാത്ത 6 സ്റ്റേ ട്രിപ്പുകൾ ഒഴിവാക്കിയിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധി രൂക്ഷമായ നിലവിലെ സാഹചര്യത്തിൽ പ്രസ്തുത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിർവ്വാഹമില്ലാത്തതാണ്. |
| (സി) | ചെങ്ങന്നൂർ- പാണ്ടനാട്- പരുമല റൂട്ടിൽ നിർത്തലാക്കിയ സ്റ്റേ ബസ് സർവ്വീസ് പുനരാരംഭിക്കുന്ന കാര്യം ആലോചിക്കുമോ എന്നറിയിക്കാമോ? | (സി) | വരുമാന കുറവ് മൂലം നിർത്തലാക്കിയ സ്റ്റേ ബസ്സുകളുടെ ട്രിപ്പുകൾ നിലവിലെ സാഹചര്യത്തിൽ പുനരാരംഭിക്കുന്നതിന് നിർവ്വാഹമില്ലാത്തതാണ്. |

**സെക്ഷൻ ഓഫീസർ**